# ദൈനംദിനപാഠാസൂത്രണരേഖ-1

## പ്രാഥമിക വിവരങ്ങൾ

അധ്യാപകവിദ്യാർത്ഥിയുടെ പേര് : അർഷാഫാത്തിമ എച്ച് എസ്
വിദ്യാലയത്തിന്റെ പേര് : ഗവ: യു.പി.എസ് രാമപുരം
ക്ലാസ് : VII
വിഷയം : സാമൂഹ്യശാസ്ത്രം
യൂണിറ്റ് : മധ്യകാലഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ
സമയം : 45 മിനിറ്റ്
തീയതി :

## പഠനനേട്ടം

മധ്യകാല ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ വിവിധ ധാരകളുടെ സവിശേഷതകൾ, പ്രചാരകർ, അവരുടെ ആശയങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്.

## ആശയങ്ങൾ

ഭക്തിപ്രസ്ഥാനം പല കാലങ്ങളിലായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു.

## ശേഷികൾ/നൈപുണികൾ

കവിത വായിച്ച് ആശയം കണ്ടെത്താനുള്ള ശേഷി

## പഠനസാമഗ്രി

പാഠപുസ്തകം.

15/1/24

Date: | Expt: | Page No:

| പഠനപ്രവർത്തനം | വിലയിരുത്തൽ |
|---|---|
| | |

**പ്രവേശകപ്രവർത്തനം**

അധ്യാപിക കുലശേഖര ആഴ്വാർ രചിച്ച പെരുമാൾ തിരുമൊഴി എന്ന കൃതിയിലെ വരികൾ വായിച്ചുകൊണ്ട് ക്ലാസിലേയ്ക്ക് പ്രവേശിക്കുന്നു. ശേഷം അധ്യാപിക വരികൾ വായിച്ച് ആശയം കണ്ടുപിടിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

വരികൾ (തമിഴ്)

കോനേറി വാഴും കുറുകായ് പിറപ്പേനേ
തിരുവേങ്കടച്ചുനൈയിൽ മീനായ് പിറക്കും
വേങ്കടത്ത് ചെമ്പകമായ് നിർക്കും
വേങ്കടമലൈമേൽ തമ്പമായ്
കോയിലിൻ വാസലിൽ പടിയായ് കിടന്തും

തുടർന്ന് തമിഴ് വരികളും വിവർത്തനവും വായിക്കാൻ നിർദ്ദേശം നൽകുന്നു. കണ്ടെത്തിയ ആശയങ്ങൾ കുട്ടികൾ പങ്ക് വയ്ക്കുന്നു.

=> കുലശേഖര ആഴ്വാരുടെ പരമമായ ഭക്തിയാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്.

തുടർന്ന് ഭക്തിപ്രസ്ഥാനം എന്താണെന്ന് ചർച്ച ചെയ്യുന്നതിന് പാഠപുസ്തകത്തിലെ പേജ് നമ്പർ 25 ലേക്ക് കടക്കുന്നു.

## പ്രവർത്തനം

അധ്യാപിക പാഠപുസ്തകം വായിച്ചശേഷം കുട്ടികളോട് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു:

- ഭക്തി എന്ന് നിങ്ങൾ കേട്ടിട്ടുണ്ടോ?
- ഭക്തിയെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെ അറിയാം?

(കുട്ടികളുടെ പ്രതികരണം)

ടീച്ചർ വേർഷൻ

ഭക്തിപ്രസ്ഥാനം പല കാലങ്ങളിലായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു. ദൈവത്തിന് സമ്പൂർണമായി ജീവിതം സ്വയം സമർപ്പിക്കുന്നതിനെയാണ് ഭക്തി എന്നു പറയുന്നത്. ഭക്തിയെ അടിസ്ഥാനമാക്കി ഉയർന്നുവന്ന ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ഭക്തിപ്രസ്ഥാനം എന്നറിയപ്പെടുന്നത്.

മധ്യകാല ഇന്ത്യയിൽ ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബുദ്ധ- ജൈന മതങ്ങൾക്ക് നേരിട്ട തകർച്ചയും ഹിന്ദുമതത്തിൽ ഉണ്ടായ നവീകരണ പ്രവർത്തനങ്ങളും ഭക്തിപ്രസ്ഥാനത്തിന്റെ ആരംഭത്തിന് കാരണമായി. ജാതിവ്യവസ്ഥ നിലനിന്നിരുന്നുവെങ്കിലും എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടതായിരുന്നു.

Date:

Expt:

Page No:

## തുടർപ്രവർത്തനം

കുലശേഖര ആഴ്‌വാർ എന്ന കവിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.

15/6/24

## പ്രതിഫലനാത്മകക്കുറിപ്പ്

# ദൈനംദിന പാഠാസൂത്രണരേഖ-2

## പ്രാഥമിക വിവരങ്ങൾ

അധ്യാപക വിദ്യാർത്ഥിയുടെ പേര്: അർഷാ ഫാത്തിമ.എച്ച്.എസ്

വിദ്യാലയത്തിന്റെ പേര് : ഗവ: യു.പി.എസ്. രാമപുരം

ക്ലാസ് : VII

വിഷയം : സാമൂഹ്യശാസ്ത്രം.

യൂണിറ്റ് : മധ്യകാല ഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ

സമയം : 45 മിനിറ്റ്

തീയതി :

## പഠനനേട്ടം

ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനങ്ങളെക്കുറിച്ച് മനസിലാക്കുന്നു.

## ആശയങ്ങൾ

ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം - സവിശേഷതകൾ

## ശേഷികൾ / നൈപുണികൾ

ചോദ്യങ്ങൾക്കനുസൃതമായി ഉത്തരം കണ്ടെത്തുന്നതിനുള്ള ശേഷി

## പഠനസാമഗ്രി

ചാർട്ട്

Date: Expt: Page No:

| പഠനപ്രക്രിയ | വിലയിരുത്തൽ |
|---|---|

**പ്രവേശകപ്രവർത്തനം**

സൗഹൃദസംഭാഷണത്തോടെ അധ്യാപിക ക്ലാസിലേയ്ക്ക് പ്രവേശിക്കുകയും തുടർ പ്രവർത്തനങ്ങൾ പരിശോധിച്ച് ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

മുന്നറിവുകൾ പരിശോധിക്കുന്നു.

**പാഠഭാഗത്തിലേക്ക്**

പേജ് നമ്പർ 26ലെ ദക്ഷിണേന്ത്യൻ ഭക്തി-പ്രസ്ഥാനം എന്ന പാഠഭാഗത്തിലേക്ക് കടക്കുന്നു. അധ്യാപിക പാഠപുസ്തകം വായിച്ചശേഷം കുട്ടികളെ മൂന്ന് ഗ്രൂപ്പു-കളായി തിരിക്കുകയും അവരോട് ചില ചോദ്യങ്ങൾ കണ്ടുപിടിക്കാനായി നിർദ്ദേശി-ക്കുകയും ചെയ്യുന്നു.

- ഏത് ഭക്ത കവിയെയാണ് ആഴ്വാർമാർ എന്നറിയപ്പെട്ടിരുന്നത്?
- ഏത് ഭക്തകവിയെയാണ് നായനാർമാർ എന്നറിയപ്പെട്ടിരുന്നത്?
- ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം നില-നിന്നിരുന്നത് ഏത് നൂറ്റാണ്ടുകളിലാണ്?
- എവിടെയാണ് ഭക്തിപ്രസ്ഥാനം ഒരു ജനകീയ പ്രസ്ഥാനമായി രൂപംകൊ-ണ്ടത്?

Date: Expt: Page No:

- സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഭക്തിപ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരായോ?
- ആഴ്വാർമാരുടെ രചനകളെ എന്താണ് അറിയപ്പെട്ടിരുന്നത്?
- തിരുമുറൈകൾ എന്ന രചന ആരുടേതായിരുന്നു?

-കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഉത്തരങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു. അധ്യാപിക ആവശ്യമായ തിരുത്തലുകൾ നൽകുന്നു.

ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ ചാർട്ടിൽ എഴുതി അധ്യാപിക പ്രദർശിപ്പിക്കുന്നു.

**ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം**

* പ്രാദേശിക ഭാഷകളിൽ കീർത്തനങ്ങളുടെ രചനയും, ആലാപനവും.
* ദൈവത്തോടുള്ള സ്നേഹവും സമർപ്പണവും.
* ജാതിവ്യത്യാസമില്ലാതെ എല്ലാവർക്കും പ്രവേശനം.
* സ്ത്രീകൾക്ക് തുല്യമായ പങ്കാളിത്തം
* ഇഷ്ടദൈവത്തോടുള്ള അകമഴിഞ്ഞ ആരാധന

Date: Expt: Page No:

**തുടർപ്രവർത്തനം**

പാഠപുസ്തകത്തിലെ പേജ് നമ്പർ 26, 27 ലെ ദക്ഷിണേന്ത്യൻ ക്ഷേത്രപ്രസ്ഥാനം വായിക്കുക.

15/6/24

**പ്രതിഫലനാത്മകക്കുറിപ്പ്**

# ദൈനംദിനപാഠാസൂത്രണരേഖ-3

## പ്രാഥമികവിവരങ്ങൾ

അധ്യാപകവിദ്യാർത്ഥിയുടെ പേര് : അർഷാഫാത്തിമ.എച്ച്.എസ്

വിദ്യാലയത്തിന്റെ പേര് : ഗവ: യു.പി.എസ്. രാമപുരം

ക്ലാസ് : VII

വിഷയം : സാമൂഹ്യശാസ്ത്രം

യൂണിറ്റ് : മധ്യകാലഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ

സമയം : 45 മിനിറ്റ്

തീയതി :

## പാഠനേട്ടം

ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകരെക്കുറിച്ച് മനസിലാക്കുന്നു.

## ആശയങ്ങൾ

ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകർ - ബസവണ്ണ

## ശേഷികൾ /നൈപുണികൾ

ചിത്രം നിരീക്ഷിക്കാനുള്ള ശേഷി

## പഠനസാമഗ്രി

- പാഠപുസ്തകം
- അധ്യാപകസഹായി
- ചാർട്ട്.

Ahesha
15/6/24

Date: Expt: Page No:


| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|

**പ്രവേശകപ്രവർത്തനം**

സൗഹൃദസംഭാഷണത്തോടെ അധ്യാപിക ക്ലാസിലേയ്ക്ക് പ്രവേശിക്കുകയും മുന്നറിവ് പരിശോധിക്കുകയും ചെയ്യുന്നു.

**പാഠഭാഗത്തിലേക്ക്**

പാഠപുസ്തകത്തിലെ പേജ് നമ്പർ 24ൽ നൽകിയിരിക്കുന്ന ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. (ചാർട്ട് പ്രദർശനം)



Date: Expt: Page No:

ശേഷം അധ്യാപിക ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികളെക്കുറിച്ച് കൂടുതൽ വിശദീകരണം നൽകുന്നു.

വ്യക്തിപരമായി ഭക്തിക്ക് പ്രാധാന്യം നൽകിയിരുന്ന ജനകീയ സന്യാസിമാരുടെ ശൃംഖലയായിരുന്നു ആഴ്വാർമാരും നായനാർമാരും. ദൈവവും ഭക്തനും തമ്മിലുള്ള സ്നേഹപൂർണ്ണമായ ഒരു ജീവൽ ബന്ധമായി അവർ മതത്തെ പ്രയോജനപ്പെടുത്തി. അവരുടെ ഇഷ്ടദൈവത്തെ പ്രകീർത്തിക്കുന്ന കീർത്തനങ്ങൾ ആലപിച്ച് അവർ ദേശസഞ്ചാരം നടത്തിയിരുന്നു. വിഷ്ണുഭക്തരായ ആഴ്വാർമാർ വ്യത്യസ്ത ജാതി വിഭാഗങ്ങളിൽ നിന്നുള്ള 12 പേരായിരുന്നു. ഇവരുടെ രചനകളായ നാലായിര ദിവ്യപ്രബന്ധം, തമിഴ്വേദം എന്ന പേരിലും അറിയപ്പെടുന്നു. 63 നായനാർമാരിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഉൾപ്പെട്ടിരുന്നു. ഇവരുടെ രചനകൾ തിരുമുറൈകൾ എന്ന പേരിൽ അറിയപ്പെടുന്നു.

ബസവണ്ണ: കന്നട ദേശത്തെ മനുഷ്യ സ്നേഹി.

അധ്യാപിക Page no: 29 ലെ ചിത്രം നിരീക്ഷിക്കാൻ കുട്ടികളോട്

Date: Expt: Page No:

ആവശ്യപ്പെടുന്നു. കുട്ടികൾ ചിത്രം
നിരീക്ഷിക്കുന്നു.

**തുടർപ്രവർത്തനം**

ബസവണ്ണ ആരായിരുന്നുവെന്ന്
പേജ് നമ്പർ 28 വായിച്ചു കണ്ടെത്തുക.

**പ്രതിഫലനാത്മകക്കുറിപ്പ്**

# ദൈനംദിനപാഠാസൂത്രണരേഖ-4

## പ്രാഥമിക വിവരങ്ങൾ

അധ്യാപക വിദ്യാർത്ഥിയുടെ പേര് : അർഷാഫാത്തിമ.എച്ച്.എസ്

വിദ്യാലയത്തിന്റെ പേര് : ഗവ:യു.പി.എസ്. രാമപുരം

ക്ലാസ് : VII

വിഷയം : സാമൂഹ്യശാസ്ത്രം

യൂണിറ്റ് : മധ്യകാലഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ

സമയം : 45മിനിറ്റ്

തീയതി :

## പഠനനേട്ടം

ബസവണ്ണ സ്ഥാപിച്ച വീരശൈവപ്രസ്ഥാനത്തെക്കുറിച്ച് മനസിലാക്കുന്നു.

## ആശയങ്ങൾ

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ഏകദൈവവിശ്വാസം, മനുഷ്യസമത്വം, നീതിനിഷ്ഠ, സ്ത്രീ സമത്വം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായി നിലവിൽ വന്ന പ്രസ്ഥാനമാണ് വീരശൈവ പ്രസ്ഥാനം.

## ശേഷികൾ / നൈപുണികൾ

ചോദ്യങ്ങൾ അനുസൃതമായി ഉത്തരം കണ്ടെത്താനുള്ള ശേഷി.

## പഠനസാമഗ്രി

ചാർട്ട്, പാഠപുസ്തകം.

Vb Sha
15/1/24

Date: | Expt: | Page No:

| പഠനപ്രവർത്തനം | വിലയിരുത്തൽ |
|---|---|
| **പ്രവേശക പ്രവർത്തനം**<br>സൗഹൃദ സംഭാഷണത്തോടെ അധ്യാപിക ക്ലാസിലേക്ക് പ്രവേശിക്കുകയും തുടർ പ്രവർത്തനങ്ങൾ പരിശോധിച്ച് അവതരിപ്പിക്കുകയും ചെയ്യുന്നു.<br>മുന്നറിവുകൾ പരിശോധിക്കുന്നു.<br>**പാഠഭാഗത്തിലേക്ക്**<br>പേജ് നമ്പർ 28 ലെ 'അനുഭവമണ്ഡപം' എന്നഭാഗം കുട്ടികൾക്ക് അധികവായനയ്ക്കായി അധ്യാപിക നൽകുന്നു. ശേഷം അധ്യാപിക വായിച്ചു വിശദീകരണം നൽകുന്നു. ഒന്ന്, രണ്ട് കുട്ടികളെക്കൊണ്ട് ചിത്രീകരണത്തിലെ സംഭാഷണങ്ങൾ വായിപ്പിക്കുന്നു.<br>**ഗ്രൂപ്പ് പ്രവർത്തനം**<br>കുട്ടികളെ മൂന്ന് ഗ്രൂപ്പായി തിരിക്കുകയും പാഠഭാഗത്തിൽ നൽകിയിരിക്കുന്ന പ്രവർത്തനം ഗ്രൂപ്പിൽ ചർച്ച ചെയ്ത് എഴുതുവാനുള്ള അവസരം നൽകുന്നു. കുട്ടികൾ എഴുതിയ ഉത്തരങ്ങൾ പൊതുവായി അവതരിപ്പിക്കുന്നു.<br>ബസവണ്ണയെക്കുറിച്ച് അധ്യാപിക കുട്ടികളോട് പങ്കുവയ്ക്കുന്നു. | |

Date: Expt: Page No:

പന്ത്രണ്ടാം നൂറ്റാണ്ടിൽ കന്നട ദേശത്ത് ജീവിച്ചിരുന്ന തത്വചിന്തകനും സാമൂഹ്യ പരിഷ്കർത്താവും കവിയുമായിരുന്നു ബസവണ്ണ. സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹികവും മതപരവുമായ വിവേചനങ്ങളെ ജനങ്ങൾക്ക് മനസിലാക്കികൊടുക്കാൻ അദ്ദേഹം തീരുമാനിച്ചു. സ്വാതന്ത്ര്യം, സമത്വം, സാമൂഹ്യനീതി എന്നിവയിലധിഷ്ഠിതമായ കാഴ്ചപ്പാടാണ് ബസവണ്ണ മുന്നോട്ടുവെച്ചത്. അദ്ദേഹം സ്ഥാപിച്ച വീരശൈവ പ്രസ്ഥാനത്തിലൂടെയാണ് ഈ ആശയങ്ങൾ ഏകോപിപ്പിച്ചത്.

ശേഷം അധ്യാപിക ബസവണ്ണയെക്കുറിച്ച് നോട്ട് ബുക്കിൽ രേഖപ്പെടുത്തുവാനായി കുട്ടികളോട് ആവശ്യപ്പെടുന്നു. തുടർന്ന് അദ്ദേഹം സ്ഥാപിച്ച വീരശൈവ പ്രസ്ഥാനത്തെക്കുറിച്ച് വിശദീകരണം നൽകുകയും ചെയ്യുന്നു.

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ഏക മതവിശ്വാസം, മനുഷ്യസമത്വം, നീതിനിഷ്ഠം, സ്ത്രീ സമത്വം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായി നിലവിൽ വന്ന പ്രസ്ഥാനമാണ് വീരശൈവ പ്രസ്ഥാനം. മതപ്രബോധകരും

| Date: | Expt: | Page No: |
|---|---|---|
| | | |

സാമൂഹിക പരിഷ്കർത്താക്കളുമായിരുന്ന വീരശൈവർ യാഥാസ്ഥിതിക മതത്തിന്റെ കാപട്യങ്ങൾക്കെതിരെ പോരാടി. കവിതാമയമായ ഗദ്യത്തിൽ ആവിഷ്കരിക്കപ്പെട്ട ഇവരുടെ സന്ദേശങ്ങൾ വചനങ്ങൾ എന്നറിയപ്പെട്ടു.

അധ്വാനത്തിന്റെ മഹത്വം, മനുഷ്യന്റെ ആന്തരികമായ നന്മയും ശുദ്ധിയും, സ്ത്രീ സ്വാതന്ത്ര്യം, സർവസമത്വം എന്നിവയാണ് വചനങ്ങളിലെ മുഖ്യ പ്രമേയങ്ങൾ. ചിന്ന ബസവ, സിദ്ധരാമയ്യ എന്നിവരാണ് മറ്റു വചന കവികൾ.

തുടർന്ന് അധ്യാപിക ചില ചോദ്യങ്ങൾ കുട്ടികളോട് ഉന്നയിക്കുന്നു.

- ആരായിരുന്നു ബസവണ്ണ?
- ആരാണ് വീരശൈവപ്രസ്ഥാനം സ്ഥാപിച്ചത്?
- എന്താണ് വീരശൈവ പ്രസ്ഥാനം?

(കുട്ടികൾ പ്രതികരിക്കുന്നു.)

അധ്യാപിക ആവശ്യമായ തിരുത്തലുകൾ നൽകിയ ശേഷം ക്രോഡീകരിക്കുന്നു.

Date: | Expt: | Page No:

## തുടർപ്രവർത്തനം

വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലെ Page no: 29ൽ കൊടുത്തിരിക്കുന്നത് വായിക്കുക.

Sheeba 15/6/24

## പ്രതിഫലനാത്മക കുറിപ്പ്

# ദൈനംദിനാസൂത്രണരേഖ-5

## പ്രാഥമിക വിവരങ്ങൾ

അധ്യാപക വിദ്യാർത്ഥിയുടെ പേര് : അർഷാഫാത്തിമ. എച്ച്.എസ്
വിദ്യാലയത്തിന്റെ പേര് : ഗവ: യു.പി.എസ്. രാമപുരം
ക്ലാസ് : VII
വിഷയം : സാമൂഹ്യശാസ്ത്രം
യൂണിറ്റ് : മധ്യകാലഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ
സമയം : 45 മിനിറ്റ്
തീയതി :

## പഠനനേട്ടം

വീരശൈവ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കുന്നു.

## ആശയങ്ങൾ

- വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ.
- ബസവണ്ണയുടെ സന്ദേശങ്ങൾ.

## ശേഷികൾ /നൈപുണികൾ

പോസ്റ്റർ നിർമ്മാണശേഷി

## പഠനസാമഗ്രി

- ചാർട്ട്
- പാഠപുസ്തകം

Anusha
15/6/24

Date: Expt: Page No:

| പഠനപ്രവർത്തനം | വിലയിരുത്തൽ |
| --- | --- |
| **പ്രവേശക പ്രവർത്തനം**<br>അധ്യാപിക സൗഹൃദ സംഭാഷണത്തോടെ ക്ലാസിലേക്ക് പ്രവേശിക്കുകയും മുന്നറിവ് പരിശോധിക്കുകയും ചെയ്യുന്നു.<br>**പാഠഭാഗത്തിലേക്ക്**<br>പാഠഭാഗത്തിലെ പേജ് നമ്പർ 29 ലെ വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലേക്ക് കടക്കുന്നു. അധ്യാപിക ചാർട്ട് പ്രദർശിപ്പിച്ചുകൊണ്ട് വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br>വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ<br>> ബ്രാഹ്മണമേധാവിത്വത്തേയും വേദങ്ങളുടെ പ്രാമാണികതയേയും ചോദ്യം ചെയ്തു.<br>> ജാതിവിവേചനത്തിനും സ്ത്രീവിവേചനത്തിനുമെതിരെ ജനങ്ങളെ ബോധവൽക്കരിച്ചു.<br>> ഏകദൈവവിശ്വാസം പ്രോത്സാഹിപ്പിച്ചു. | |

Date: Expt: Page No:

> തൊഴിലിന്റെയും അധ്വാനത്തിന്റെയും മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തി.

> ശൈശവ വിവാഹത്തെ എതിർക്കുകയും പ്രായപൂർത്തി വിവാഹം, വിധവാ പുനർവിവാഹം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

Pink pen

തുടർന്ന് കുട്ടികൾ നോട്ട്ബുക്കിൽ കുറിക്കുകയും അധ്യാപിക നോട്ടുകൾ പരിശോധിക്കുകയും ചെയ്യുന്നു. തുടർന്ന് ബസവണ്ണയുടെ സന്ദേശങ്ങൾ പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്നത് കുട്ടികളെക്കൊണ്ട് വ്യക്തിഗതമായി വായിപ്പിക്കുന്നു.

ഗ്രൂപ്പ് പ്രവർത്തനം

ബസവണ്ണ നേതൃത്വം നൽകിയ വീരശൈവ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ, ബസവണ്ണയുടെ സന്ദേശങ്ങൾ ഇവ വായിച്ച് ഒരു പോസ്റ്റർ തയ്യാറാക്കുന്നതിനായി കുട്ടികളെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നു. കുട്ടികൾ പോസ്റ്ററുകൾ തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. നന്നായി അവതരിപ്പിച്ച ഗ്രൂപ്പുകാരെ

Date: | Expt: | Page No:

അധ്യാപിക പ്രശംസിക്കുകയും മറ്റ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

തുടർന്ന് വീരശൈവ പ്രസ്ഥാനം ജാതിവ്യവസ്ഥയെയും അസമത്വങ്ങളെയും ചോദ്യം ചെയ്തിരുന്നു എന്ന പ്രസ്താവന വിലയിരുത്തി സംസാരിക്കാൻ അധ്യാപിക കുറച്ചുകുട്ടികൾക്ക് അവസരം നൽകുന്നു. ചർച്ചയിൽ പങ്കെടുക്കുന്ന കുട്ടികളുടെ വിലയിരുത്തൽ നടത്തി അധ്യാപിക പ്രത്യേകം ശ്രദ്ധിക്കുന്നു. തുടർന്ന് അധ്യാപിക ക്രോഡീകരണം നൽകുന്നു.

തുടർപ്രവർത്തനം

ബസവണ്ണയെക്കുറിച്ചും വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാനപ്രവർത്തനങ്ങളും വായിക്കുക.

Nitha 15/1/24

പ്രതിഫലനാത്മകകുറിപ്പ്